# Indian School Nizwa

## Comprehension Practice - Class VIII

| | | |
|---|---|---|
| **I** | താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | |
| | ബുദ്ധമതത്തിന്റെ തളർച്ചയാണ് ഇന്ത്യയിൽ ഭക്തിപ്രസ്ഥാനത്തിന് കളമൊരുക്കിയത് എന്ന് കരുതപ്പെടുന്നു. എ.ഡി ആറാം നൂറ്റാണ്ടു മുതൽ ആണ് ഭക്തിപ്രസ്ഥാനം ദക്ഷിണേന്ത്യയിൽ പടർന്നു പിടിക്കുന്നത്. ശൈവവും വൈഷ്ണവവുമായ ധാരകൾ ഇതിനുണ്ടായിരുന്നു. അപ്പർ, സംബന്ധർ, മാണിക്യവാചർ ,സുന്ദരമൂർത്തി എന്നീ നാല് ശൈവ കവികൾ ഇവരിൽ പ്രധാനികളാണ്. കേരളീയനായ തമിഴ് കവി കുലശേഖരആഴ്വാരുടെ പെരുമാൾതിരുമൊഴി, മുകുന്ദമാല, ആണ്ടാളുടെ തിരുപ്പാവൈ, കമ്പരുടെ കമ്പരാമായണം തുടങ്ങിയവ വൈഷ്ണവ ധാരയിൽപ്പെടുന്നു. ഉത്തരേന്ത്യയിൽ ഒന്ന്, രണ്ട് നൂറ്റാണ്ടിനു ശേഷമാണ് ഭക്തകവികൾ രംഗപ്രവേശം ചെയ്യുന്നത്. രാമാനന്ദൻ, കബീർ, മീര, ജ്ഞാനദേവൻ, രാമദാസൻ, സൂർദാസ്. തുളസീദാസ്, ജയദേവൻ തുടങ്ങിയവർ ഇവരിൽ പ്രശസ്തരാണ് . | |
| 1. | ഇന്ത്യയിൽ ഭക്തിപ്രസ്ഥാനത്തിന് കളമൊരുക്കിയത് എന്താണ് ? | 1 |
| 2. | ഏതെല്ലാമാണ് ഭക്തിപ്രസ്ഥാനത്തിന്റെ മുഖ്യധാരകൾ ? | 1 |
| 3. | കേരളീയനായ തമിഴ് കവി ആരാണ്?അദ്ദേഹത്തിന്റെ കൃതികളുടെ പേരെന്ത് ? | 1 |
| 4. | വൈഷ്ണവധാരയിൽപ്പെടുന്ന കൃതികൾ ഏതെല്ലാം ? | 1 |
| 5. | ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക ? | 1 |